**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 93** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>കോസ്റ്റൽ റെഗുലേഷൻ സോൺ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) ദ്വീപ് എന്നതിന്റെ നിർവചന സ്ഥിതി (സംരക്ഷണം) നിയമം 1986 പ്രകാരം പുറത്തിറക്കിയ CRZ വിജ്ഞാപനം 2019 അനുസരിച്ച് ദ്വീപ് (Island) എന്നത് എല്ലാ വശങ്ങളാലും വെള്ളം കൊണ്ട് സ്ഥിരമായി ചുറ്റപ്പെട്ടതും ഉയർന്ന തിരമാലയുടെ രേഖയ്ക്കും (High tide line - HTL) മുകളിൽ നിലനിൽക്കുന്ന ഭൂഭാഗവുമാണെന്നിരിക്കെ നാല് വശങ്ങളും ഒരേ ജലാശയത്താൽ ചുറ്റപ്പെട്ടിട്ടുള്ള പ്രദേശത്തെ മാത്രം ദ്വീപുകളായി കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്താനുള്ള കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** 2011 സി.ആർ.ഇസഡ് വിജ്ഞാപനമനുസരിച്ച് ദ്വീപുകളുടെ ദൂരപരിധി 50 മീറ്ററായി പരിമിതപ്പെടുത്തിയിരുന്നു. 2019 സി.ആർ.ഇസഡ് വിജ്ഞാപനപ്രകാരം ഐലന്റിന്റെ ദൂരപരിധി 50 മീറ്ററിൽ നിന്നും 20 മീറ്ററായി കുറച്ചിട്ടുണ്ടെങ്കിലും ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ ഇളവ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കുന്നത് ചെന്നൈയിലെ National Centre for sustainable Coastal Management (NCSCM) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. NCSCM പ്രസ്തുത പ്ലാൻ തയ്യാറാക്കി വരികയാണ്. 10 ഹെക്ടറിൽ കൂടുതലുള്ള ദ്വീപുകൾക്കാണ് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കുന്നത്. പ്ലാനിന്റെ പുരോഗമന നടപടികൾ അറിയുന്നതിനായി NCSCM ലെ വിദഗ്ദരുമായി കേരള തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ നടത്തിയ ചർച്ചയിൽ എറണാകുളം ജില്ലയുടെ പ്ലാൻ പൂർത്തീകരിച്ചിട്ടില്ല.

10 ഹെക്ടറിൽ കുറവുള്ള ദ്വീപുകൾക്ക് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ഇനിയും പുറപ്പെടുവിച്ചിട്ടില്ല.

**(ബി)** എല്ലാ വശങ്ങളാലും വെള്ളം കൊണ്ട് സ്ഥിരമായി ചുറ്റപ്പെട്ടിട്ടുള്ളതും ഉയർന്ന തിരമാലയുടെ രേഖയ്ക്കും മുകളിൽ നിലനിൽക്കുന്ന ഭൂഭാഗമായ വൈപ്പിൻ കരയെന്ന ദ്വീപിന് ദ്വീപെന്ന പരിഗണന നൽകി 2019 സി.ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് 50 മീറ്റർ ദൂരപരിധിയിലുള്ള ഇളവ് നൽകാതെ വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എടവനക്കട്, നായരമ്പലം, ഞാറയ്ക്കൽ, മുളവുകാട്, എളങ്കുന്നപ്പുഴ, കുഴിപ്പിള്ളി, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിലായുള്ള 647 പ്രദേശങ്ങളെ ദ്വീപുകളായി കണക്കാക്കി ഇളവുകൾ നൽകുവാനുള്ള കാരണം വിശദമാക്കാമോ?

**<u>മറുപടി:</u>** 2011 സി.ആർ.ഇസഡ് വിജ്ഞാപനമനുസരിച്ച് ദ്വീപുകളുടെ ദൂരപരിധി 50 മീറ്ററായി പരിമിതപ്പെടുത്തിയിരുന്നു. 2019 സി.ആർ.ഇസഡ് വിജ്ഞാപനപ്രകാരം ഐലന്റിന്റെ ദൂരപരിധി 50 മീറ്ററിൽ നിന്നും 20 മീറ്ററായി കുറച്ചിട്ടുണ്ടെങ്കിലും ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ ഇളവ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കുന്നത് ചെന്നൈയിലെ National Centre for sustainable Coastal Management (NCSCM) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. NCSCM പ്രസ്തുത പ്ലാൻ തയ്യാറാക്കി വരികയാണ്. 10 ഹെക്ടറിൽ കൂടുതലുള്ള ദ്വീപുകൾക്കാണ് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കുന്നത്. പ്ലാനിന്റെ പുരോഗമന നടപടികൾ അറിയുന്നതിനായി NCSCM ലെ വിദഗ്ദരുമായി കേരള തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ നടത്തിയ ചർച്ചയിൽ എറണാകുളം ജില്ലയുടെ പ്ലാൻ പൂർത്തീകരിച്ചിട്ടില്ല.

10 ഹെക്ടറിൽ കുറവുള്ള ദ്വീപുകൾക്ക് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജമെന്റ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ഇനിയും പുറപ്പെടുവിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**